(ഡി) 2012-13, 2013-14 വർഷം വാർത്താ മാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകി അപേക്ഷ സ്വീകരിച്ച് അർഹരായ എല്ലാപേർക്കും ധന വിതരണം ചെയ്തു. 2014-15-ൽ അറിയിപ്പ് നൽകി അപേക്ഷ സ്വീകരിച്ച് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. 2015 ജനുവരിയിൽ അർഹരായവർക്ക് ധനസഹായം നൽകുന്നതാണ്.

പിന്നോക്ക സമുദായക്ഷേമ കോർപ്പറേഷന് കീഴിൽ പുതിയ വായ്പാ പദ്ധതികൾ

260 (4546) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായക്ഷേമ കോർപ്പറേഷൻ നൽകി വരുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിക്ക് സമാനമായി, കൂടുതൽ ധന നൽകുന്ന തരത്തിലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ;

(ബി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ ദേശീയ കോർപ്പറേഷനുകളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസിയായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. ദേശീയ കോർപ്പറേഷനുകൾ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വായ്പാ ധനയും മാനദണ്ഡങ്ങളും അനുസരിച്ചാണ് കോർപ്പറേഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. നിലവിൽ സ്വയംതൊഴിൽ വായ്പാ പദ്ധതിക്ക് സമാനമായി കൂടുതൽ ധന നൽകുന്ന തരത്തിലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നകാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) NBCFDC, NMDFC എന്നീ ദേശീയ കോർപ്പറേഷനുകളുടെ നിബന്ധനകൾക്ക് വിധേയമായി പുതിയ പദ്ധതികൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly